# SANTHOM VOICE

## RAMANATHAPURAM DIOCESAN BULLETIN



Volume 6

2015 - November

No. 11

August 15



ഏവർക്കും പ. കന്യകാമറിയത്തിന്റെ
സ്വർഗ്ഗാരോപണത്തിന്റെയും ഇന്ത്യൻ
സ്വാതന്ത്ര്യദിനത്തിന്റെയും
ആശംസകൾ

August 4



Saint John Maria Vianney
"Patron of Priests, please pray for our Priests"



Our Lady of Rosary
Pray for us

October




Sending of The Apostles
(Mission Sunday)

October 18

# SANTHOM VOICE

**Ramanathapuram Diocesan Bulletin**

**Volume - 6**
**2015 November**
**No. 11**



Imprimatur
(Sd)
**Mar Paul Alappatt**
Bishop of Ramanathapuram

Editor
**Fr Thomas Kavunkal**
Mob: 0 94439 37675

Associate Editor
**Fr Alexander Chundattu O.Carm.**
Mob: 0 89033 10281

Published by
**Fr Jose Kannumkuzhy**
Bishop's House, Ramanathapuram
Ph: 0422-4221795

Website :
**www.ramanathapuramdiocese.org**
**www.ramanathapuramdiocese.com**

Conceptualisation & Print
**MARIA PRINTLINKS**
Ramanathapuram. Mob: 9042013148

Annual Subscription : **Rs 250/-**

Single Copy : **Rs 30/-**


## INDEX


| | |
|---|---|
| Intentions of the Holy Father | 02 |
| Pope Francis Tweets | 02 |
| Festal Greetings | 02 |
| Hearty Congratulations | 03 |
| ആദരാഞ്ജലികൾ | 03 |
| Circular | 04 |
| Letter | 06 |
| രൂപതാകാര്യാലയം | 07 |
| Bishop’s Engagements | 11 |
| Bishop’s Diary | 11 |
| Finance Office | 12 |
| Saintly Family of Lisieux | 14 |
| കുടുംബ കൂട്ടായ്മകൾക്കുള്ള പഠനവിഷയം | 16 |
| സെമിനാരി വിശേഷങ്ങൾ | 19 |
| Mother Theresa Peace Home | 20 |
| Josephian News | 21 |
| Santhom Social Service Society | 23 |
| SMRC | 24 |
| Catechetical News | 26 |
| Logos Quiz Results | 28 |
| CYM | 33 |
| നവീകരണ മുന്നേറ്റം | 34 |
| സീറോ മലബാർ മാതൃവേദി | 35 |
| Pithruvedi | 36 |
| Family Apostolate | 37 |
| CML News | 37 |
| 3-ാം പാസ്റ്ററൽ കൗൺസിൽ 7-ാം സമ്മേളനം - ചർച്ചാ സഹായി | 41 |
| Snippets | 51 |

## POPE FRANCIS TWEETS



- ❖ Our life is not a pointless wandering. We have a sure goal: the house of the Father.
- ❖ The faith is not a gift just for me. Faith is given to be joyfully shared
- ❖ Dear young friends, ask the Lord for a free heart so as not to be ensnared by the false pleasures of the world.
- ❖ Work is important, but so too is rest. Shouldn't we learn to respect times of rest, especially Sundays?
- ❖ Let us learn solidarity. Without solidarity, our faith is dead
- ❖ Dear young friends, do not be afraid to give your all. Christ will never disappoint you.

### THE PRAYER INTENTIONS OF THE HOLY FATHER

**NOVEMBER : Universal:** That we may be open to personal encounter and dialogue with all, even those whose convictions differ from our own.

**Evangelization:** That pastors of the Church, with profound love for their flocks, may accompany them and enliven their hope.

## FESTAL GREETINGS



**Mar Andrews Thazhath**

Metropolitan Archbishop of Thrissur



## HEARTY CONGRATULATIONS TO

**Rev. Fr. Philips Pontheckan CMI**
Principal, Lisieux Matriculation Higher Secondary School, CBE received Tamilnadu Government Dr. Radhakrishnan Best Teacher Award for the year 2014 - 2015.

## ആദരാഞ്ജലികൾ



**സി. ട്രീസ ആത്മ CMC**

വിമൽ ജ്യോതി കോൺവെന്റ്
സരവണാംപെട്ടി
മരണം 30.07.2015

## ആദരാഞ്ജലികൾ

സെന്റ് മേരീസ് മൈനർ സെമിനാരി അസി. റെക്ടർ ഫാ. ടോമി പുന്നത്താനത്തിന്റെ വത്സലമാതാവ് ശ്രീമതി. അന്നമ്മ വർഗീസ് പുന്നത്താനത്ത് (78) ഒക്ടോബർ 13-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. രാമനാഥപുരം രൂപത പരേതയുടെ ആത്മാവിന് നിത്യശാന്തിയും പ്രാർത്ഥനയും നേരുന്നു.

# CIRCULAR

**അഭി. പിതാവേ,**

സുഖമെന്ന് വിശ്വസിക്കട്ടെ. അതിനായി പ്രാർത്ഥിക്കുന്നു.

സീറോ മലബാർ സഭയിലെ മാതൃസംഘടനകൾ സീറോ മലബാർ മാതൃവേദിയെന്ന പൊതുനാമത്തിൽ അറിയപ്പെടണമെന്ന് സിനഡിൽ ധാരണയായതാണല്ലോ. അതു മാതാക്കളെ അറിയിക്കുന്നതിനു വേണ്ടി എല്ലാ ഇടവകകളിലും വായിക്കുന്നതിനായുള്ള ഒരു സർക്കുലർ ഇതോടൊപ്പം അയയ്ക്കുന്നു. നവംബറിലെ രൂപത ബുള്ളറ്റിനിൽ ഈ സർക്കുലർ കൊടുക്കുകയാണെങ്കിൽ ഉപകാരമായിരുന്നു. അങ്ങയുടെ എല്ലാ സഹകരണങ്ങൾക്കും നന്ദി അറിയിക്കുന്നു.

സ്നേഹപൂർവ്വം,

**മാർ മാത്യു അറയ്ക്കൽ**

കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ &

ചെയർമാൻ ലെയ്റ്റി കമ്മീഷൻ

**കർത്താവിൽ സ്നേഹിക്കപ്പെട്ട വൈദീകരെ, സമർപ്പിതരെ, സഹോദരീ സഹോദരന്മാരെ,**

ആധുനിക ലോകം ശാസ്ത്ര സാങ്കേതിക മണ്ഡലങ്ങളിൽ അതിശക്തമായ പുരോഗതി പ്രാപിച്ചു കൊണ്ടിരിക്കുന്നു. അതോടൊപ്പം സാമൂഹ്യതിന്മകളുടെ അതിശക്തമായ പുരോഗതി പ്രാപിച്ചു കൊണ്ടിരിക്കുന്നു. അതോടൊപ്പം സാമൂഹ്യതിന്മകളുടെ അതിശക്തമായ വേലിയേറ്റം അങ്ങേയറ്റം ആശങ്ക ഉണർത്തുന്നു. ഇത്തരുണത്തിൽ ആത്മീയ, ധാർമ്മിക മൂല്യങ്ങളിൽ അടിയുറച്ച ഒരു സമൂഹത്തെ രൂപപ്പെടുത്തുവാൻ നമുക്ക് ഭാരിച്ച ഉത്തരവാദിത്വമുണ്ട്. ഈ യജ്ഞത്തിൽ സംസ്കാരത്തിന്റെ കാവൽക്കാരികൾ എന്നു വിശേഷിപ്പിക്കപ്പെടുന്ന സ്ത്രീകൾക്ക് വലിയൊരു പങ്കുവഹിക്കുവാനുണ്ട്. ഓരോ വ്യക്തിയുടേയും പ്രാരംഭ പരിശീലക എന്ന നിലയിൽ സംസ്കാരത്തിന്റെ പ്രാഥമിക നിർമ്മാതാക്കൾ മാതാക്കളാണ്. മനുഷ്യരായി അധപതിച്ചു പോകാതിരിക്കാൻ വേണ്ടി ക്രിയാത്മക സംഭാവനകൾ നൽകാൻ സുവിശേഷ ചെതന്യത്താൽ പൂരിതരായ സ്ത്രീകൾക്കും സാധിക്കുമെന്ന് വി.ജോൺപോൾ പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു. വീടിനെകുടുംബമാക്കാനും സമൂഹത്തെ ആർദ്രമാക്കാനും, സഭയെ ദീപ്തമാക്കുവാനും സ്ത്രീകൾക്ക് അദ്വിതീയമായ കഴിവുണ്ട്. ദൈവത്തിന്റെ മാതൃഭാവങ്ങൾ സ്ത്രീകളിലൂടെയാണ് ഇന്നു സമൂഹം മനസ്സിലാക്കുന്നത്. സഭക്കും സമൂഹത്തിനും മൂല്യബോധം നൽകുന്നതിൽ സ്ത്രീകൾക്കുള്ള പങ്ക് വലുതാണ്.

45 ലക്ഷത്തോളം വിശ്വാസികളുള്ള സീറോ മലബാർ സഭയിൽ മാ

ത്യജനപ്രസ്ഥാനങ്ങൾ അതാതു രൂപതകളിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാൻ അവയ്ക്ക് തീർച്ചയായും സാധിച്ചിട്ടുണ്ട്. അതേസമയം സഭ ഒന്നാണെന്നും പരസ്പരബന്ധവും കൂട്ടായ്മയും ഉൾച്ചേരുമ്പോൾ അത്ഭുതങ്ങളുടെ പുതുലോകം സൃഷ്ടിക്കാനാവുമെന്നും നാം തിരിച്ചറിഞ്ഞു. അതിന്റെ വെളിച്ചത്തിൽ സീറോ മലബാർ വനിതാഫോറം രൂപീകരിച്ച് നാം പ്രവർത്തിച്ചു വരികയായിരുന്നു. എന്നാൽ രൂപതകളിൽ വിവിധ പേരുകളിൽ അറിയപ്പെടുന്ന മാതൃജനപ്രസ്ഥാനങ്ങൾ ഒന്നാവുകയാണെങ്കിൽ ഉന്നതമായ പ്രവർത്തനമികവ് കൈവരിക്കാനാവുമെന്ന് നാം മനസ്സിലാക്കി. വിവിധ തലങ്ങളിൽ നടന്ന ആലോചനകളുടേയും പരിചിന്തനങ്ങളുടേയും വെളിച്ചത്തിൽ സീറോ മലബാർ മാതൃവേദി എന്ന പൊതുനാമം ഏവർക്കും സ്വീകാര്യമാവുകയും ജനുവരിലെ മെത്രാൻ സിനഡ് അതിന് അംഗീകാരം നൽകുകയും ചെയ്തു. സീറോ മലബാർ സഭ ചരിത്രത്തിന് അപൂർവ്വശോഭ പകരുന്ന ഒരു ചരിത്രം കുറിക്കുവാൻ മാതൃവേദിക്ക് സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

നമ്മുടെ ആരാധനാക്രമം ആരംഭിക്കുന്ന ആഗമനകാലം മുതൽ എല്ലാ രൂപതകളിലേയും മാതൃസംഘടനകൾ “സീറോ മലബാർ മാതൃവേദി” എന്ന പൊതുനാമത്തിൽ അറിയപ്പെടുന്നതാണ്. ഇതിലൂടെ സീറോ മലബാർ സഭയിലെ മാതാക്കളുടെ ശാക്തീകരണവും പ്രവർത്തനകേന്ദ്രീകരണവും നാം ലക്ഷ്യം വയ്ക്കുന്നു. മാതൃവേദിയിലൂടെ ആഗോളതലത്തിലുള്ള സീറോ മലബാർ സഭയിലെ മാതാക്കളുടെ കൂട്ടായ്മയ്ക്ക് അവസരമൊരുക്കുകയാണ്. സഭയോട് ചേർന്നുനിന്ന് ദൈവരാജ്യ സ്ഥാപനത്തിൽ മാതാക്കളുടെ പങ്ക് ഉറപ്പുവരുത്തുവാൻ സീറോ മലബാർ മാതൃവേദിക്കു സാധിക്കട്ടെ.

മുന്നണിയിൽ നിന്ന് ചുക്കാൻ പിടിക്കുന്ന നിർവ്വഹണസമിതി അംഗങ്ങൾക്കും, അവരോടൊപ്പം പ്രവർത്തിക്കുന്ന സേവനസന്നദ്ധരായ എല്ലാ അമ്മമാർക്കും വിജയാശംസകൾ!

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ വിവിധ തലങ്ങളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളുടേയും മേൽ പരിശുദ്ധാത്മഭിഷേകം നേരുന്നു.

കാരുണ്യവാനായ ദൈവം നമ്മെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം

**മാർ മാത്യു അറയ്ക്കൽ**
അൽമായ കമ്മീഷൻ ചെയർമാൻ

**മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**
ബിഷപ്പ് ലെഗേറ്റ്

**മാർ റെമിജിയോസ് ഇഞ്ചനാനിക്കൽ**
മാതൃവേദി അൽമായ കമ്മീഷൻ അംഗം

# LETTER

To,
**Most Rev. Dr. Mar Paul Alapatt**
Bishop of Ramanathapuram
Bishop's House, C/o Holy Trinity Cathedral
Coimbatore - 641045

**To the Bishop's of Tamilnadu**


Your Grace / Your Excellency,

Sub : **The censure of Suspension imposed on Rv. Fr. Maria Joseph Balu of the Diocese of Coimbatore.**

This is to inform you that the censure of Suspension has been imposed on Rev. Fr. Maria Joseph Balu with effect from September 25th, 2015. Therefore he is prohibited from exercising all acts of the power of Orders, all acts of the power of Governance and exercise of all the rights, and functions attached to the office of the parish priest.

You are requested to inform your priests and the heads of the Institutions of your diocese not to invite him to their parishes or institutions to celebrate any sacraments or for preaching or any other functions until the censure of suspension is remitted and further notice is given.

Your's devotedly in Christ,



**+L. Thomas Aquinas**
Bishop of Coimbatore

# രൂപതാകാര്യാലയം

**A. ഓർമ്മിക്കേണ്ട ദിവസങ്ങൾ**

1 : സകല വിശുദ്ധരുടെയും തിരുനാൾ
2 : സകല മരിച്ചവരുടെയും ഓർമ്മ ഇടവക/മിഷൻ തലത്തിൽ ദിവ്യ ബലിയർപ്പിച്ച് പ്രാർത്ഥിക്കണം
5 : വി. സഖറിയായും വി. എലിസബത്തും
13 : രൂപതാതല ജാഗരണപ്രാർത്ഥന(ഉക്കടം)
15 : ലോകസാമൂഹ്യസമ്പർക്ക മാധ്യമദിനം (പ്രത്യേക പിരിവ്)
22 : മിശിഹായുടെ രാജത്വതിരുനാൾ
29 : ഹോറെബ് ഫെസ്റ്റ് – 8-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് വേണ്ടി (രാമ നാഥപുരം)
30 : വി. അന്ത്രയോസ് ശ്ലീഹാ

**B. 25 നോമ്പാരംഭം-വിവാഹാഘോഷം മുടക്ക്**

ക്രിസ്മസിന് ഒരുക്കമായുള്ള നോമ്പ് കാലം നവംബർ 30 ന് അർദ്ധരാത്രി ആരംഭിച്ച് ഡിസംബർ 24 ന് ക്രിസ്മസ് രാത്രിയിൽ സമാപിക്കുന്നു. ഇക്കാലഘട്ടത്തിൽ വിവാഹം തുടങ്ങിയ ആഘോഷങ്ങൾ ഒഴിവാക്കാനും ക്രിസ്മസിന് ആത്മീയമായി ഒരുങ്ങാനും എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം.

**C. ഹോറെബ് ഫെസ്റ്റ് 2015**

കഴിഞ്ഞ വർഷങ്ങളിലെപോലെ ഈ വർഷവും മതബോധനത്തിന് 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി 29.11.2015 ഞായറാഴ്ച രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ രാമനാഥപുരം കത്തീഡ്രലിൽ വച്ച് ഹോറെബ് ഫെസ്റ്റ് (ജീവിത മാർഗ്ഗ ദർശനപ്രോഗ്രാം) ഉണ്ടായിരിക്കുന്നതാണ്. വികാരിയച്ചന്മാരും മാതാപിതാക്കളും മതബോധനപ്രധാനദ്ധ്യാപകരും ഇക്കാര്യം ശ്രദ്ധിക്കണം. 8-ാം ക്ലാസ്സിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരാണ് കുട്ടികളെ കൊണ്ടുവരേണ്ടത്. ഈ ഫെസ്റ്റിൽ പങ്കെടുത്താൽ മാത്രമേ അന്നത്തെ ഹാജർ കുട്ടികൾക്ക് കിട്ടുകയുള്ളൂ.

**D. 3-ാം പാസ്റ്ററൽ കൗൺസിൽ 7-ാം സമ്മേളനം**

2015 ഡിസംബർ 12-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്കാണ് അടുത്ത പാസ്റ്ററൽ കൗൺസിൽ സമ്മേളനം. ഡിസംബർ 8 ന് കത്തോലിക്കാസഭ "കരുണയുടെ വി. വത്സര"ത്തിലേയ്ക്ക് കടക്കുന്ന പശ്ചാത്തലത്തിൽ "കരുണയുടെ വി. വത്സരം: പ്രസക്തിയും ലക്ഷ്യവും"മാണ്. അടുത്ത സമ്മേളനത്തിന്റെ ചർച്ചാവിഷയം. അത് അന്യത്ര

പേർ ചേർത്തിരിക്കുന്നു. ബന്ധപ്പെട്ട വേദികളിൽ ചർച്ച ചെയ്ത് ഡിസംബർ 01 ന് മുൻപ് റിപ്പോർട്ട് രൂപതാ കാര്യാലയത്തിൽ എത്തിക്കാൻ എല്ലാ അംഗങ്ങളും ശ്രദ്ധിക്കണം. കൗൺസിലംഗങ്ങൾ കൂടാതെ, രൂപതാ റിസോഴ്സ് ടീമംഗങ്ങളും രൂപതാർത്തിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രിൻസിപ്പൽമാരും പ്രധാനദ്ധ്യാപകരും മീറ്റിംഗിൽ നിർബന്ധമായും പങ്കെടുക്കണം.

**E. സകല മരിച്ചവരുടെയും ഓർമ്മ**

സകല മരിച്ചവരുടെയും ഓർമ്മയാചരിക്കുന്ന നവംബർ 2 തിങ്കളാഴ്ച പള്ളി സെമിത്തേരിയിലെ ഇടവകാംഗങ്ങളെ സ്ഥിരമായി സംസ്ക്കരിക്കുന്ന മറ്റും സിമിത്തേരികളിലൊ വി. കുർബ്ബാനയർപ്പണവും ഒപ്പീസും ക്രമീകരിക്കാൻ ബ.വൈദികർ ശ്രമിക്കണം. നവംബർ മാസത്തിൽ അനുദിനമുള്ള ദിവ്യബലിയ്ക്കുശേഷം ദൈവാലയത്തിൽ പൊതുവായി മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുന്ന പാരമ്പര്യം തുടരണം.

**F. കരുണയുടെ വി. വത്സരത്തിന്റെ ആരംഭം**

08-12-2015 ന് ആഗോളതലത്തിൽ ഉദ്ഘാടനം ചെയ്യപ്പെടുന്ന കരുണയുടെ വി.വത്സരം എല്ലാവരുടെയും സൗകര്യം കണക്കിലെടുത്ത് സീറോ മലബാർ സഭ സിനഡ് തീരുമാനപ്രകാരം 13.12.2015 നാണ് രൂപതയിൽ ആരംഭിക്കുന്നത്. കത്തീഡ്രൽ ഉൾപ്പെടെയുള്ള പള്ളികളുടെ പ്രധാനവാതിൽ അന്നത്തെ ഏറ്റവും കൂടുതൽ വിശ്വാസികൾ പങ്കെടുക്കുന്ന വി.കുർബ്ബാനയ്ക്ക് മുമ്പ് കുരിശ് വരച്ച് തുറക്കണം. ആ വാതിൽ മുഴുവൻ വർഷവും നിൽക്കാവുന്ന രീതിയിൽ അലങ്കരിക്കുന്നത് നല്ലതാണ്.

**G. ആഗോളസാമൂഹ്യ സമ്പർക്ക മാധ്യമദിനം (15.11.2015)**

സൽജീവിതത്തിനും സുവിശേഷവല്ക്കരണത്തിനും സാമൂഹ്യ സമ്പർക്കമാധ്യമങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് പഠിക്കാനും പഠിപ്പിക്കാനും ഈ ദിവസം പ്രയോജനപ്പെടുത്തണം. അന്ന് വി. കുർബ്ബാനമദ്ധ്യേ എടുക്കുന്ന പ്രത്യേക പിരിവ് സഭയും സാമൂഹ്യ സമ്പർക്ക മാധ്യമ പ്രവർത്തനങ്ങൾക്കുവേണ്ടി അയച്ചുകൊടുക്കാൻ 01 .12.2015 ന് മുമ്പ് രൂപതാ ഫിനാൻസ് ഓഫീസിൽ ഏൽപ്പിക്കണം.

**H. മൈനർ സെമിനാരിയുടെ വെഞ്ചിരിപ്പ്**

പൊള്ളാച്ചിക്കടുത്ത് വടക്കുകാട്ട് പ്രദേശത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന രൂപതാ മൈനർ സെമിനാരിയുടെ ഔപചാരികമായ വെഞ്ചിരിപ്പ് 08.12.205 ചൊവ്വാഴ്ച രാവിലെ 9.30 ന് നടക്കും. പ്രസ്തുത തിരുക്കർമ്മത്തിന്റെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കുക.

## I. വൈദികരുടെ മാസധ്യാനം

വൈദികരുടെ അടുത്ത മാസധ്യാനം (നവംബർ) ഫൊറോനതലത്തിലായിരിക്കും. ബന്ധപ്പെട്ട ഫൊറോനവികാരിയച്ചൻ അതിന് നേതൃത്വം വഹിക്കും.

വൈദികരുടെ ഡിസംബറിലെ പൊതുമാസധ്യാനം ഡിസംബർ 1 ന് ചിന്നതൊട്ടി പാളയം ജീവൻ ജ്യോതി സെന്ററിലായിരിക്കും.

## J. കത്തോലിക്കാ കോൺഗ്രസ്സ്

രാമനാഥപുരം രൂപതയിലെ കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രഥമസമ്മേളനം സെന്റ് സെബാസ്റ്റ്യൻ പാരീഷ് ഹാൾ, ഉക്കടം നവംബർ 29–ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.00 വരെ നടത്തപ്പെടുന്നു. ജനറൽ സെക്രട്ടറി ശ്രീ. ഫ്രാൻസിസ് പറയംന്നിലം പങ്കെടുക്കുന്നു.

രൂപതയിലെ താഴെപ്പറയുന്ന സംഘടനകളുടെ എല്ലാ ഇടവക ഫൊറോന രൂപതാ ഭാരവാഹികൾ, പിതൃവേദി, മാതൃവേദി, CYM, കുടുംബ യൂണിറ്റ് ഭാരവാഹികളും നിർവ്വാഹക സമിതി അംഗങ്ങളും സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

## K. ബൈബിൾ കൺവെൻഷൻ

രാമനാഥപുരം രൂപതാ ബൈബിൾ കൺവെൻഷൻ 2015 ഡിസംബർ 18 മുതൽ 22 വരെ രാമനാഥപുരത്ത് അൽവേർണിയ സ്കൂളിൽ വെച്ച് നടത്തപ്പെടുന്നു. ധ്യാനം നയിക്കുന്നത് ബ്ര. സാബു അറുതൊട്ടിയിൽ & ടീം. ധ്യാന ദിവസങ്ങളിൽ വൈകുന്നേരങ്ങളിലെ കുർബ്ബാനകളും മറ്റുപരിപാടികളും ഒഴിവാക്കുന്നത് നല്ലതായിരിക്കും.

## L. Permissions/Approvals granted:

1. Approval granted to the annual therattu (2013-'14) of Santhom Creations, Tirupur (Order No. 162/2015 dated 25-9-2015)
2. Approval granted to the plan and estimate for construction of the Director's residence at the proposed Mother Theresa Peace Home, Tirupur (Order No. 163/2015 dated 28-9-2015)
3. Approval granted to the annual therattu (2014-'15) of the Eparchial Pithruvedi (Order No. 164/2015 dated 29-9-2015)
4. Granted approval to the re-constituted Prathinidhiyogam (2015-'18) of Lourdematha Forane church, Erode (Order No. 170/2015 dated 07-10-2015)
5. Approval granted to the annual therattu (2014-'15) of St. Joseph's Educational Society, Jadayampalayam (Order No. 171/2015 dated 07-10-2015)
6. Approval granted to the annual therattu (2014-'15) of St. Joseph's Bhavan, Jadayampalayam (Order No. 172/2015 dated 07-10-2015)

## M. Relieving & Appointment of priests:

1. 1. Fr. Johnson Veeppattuparambil, relieved member, Eparchial Finance council w.e.f. 02-10-2015 (Order No. 165/2015 dated 02-10-2015)
2. Fr. Varghese Puthanangady, relieved member, Eparchial Finance council w.e.f. 02-10-2015 (Order No. 166/2015 dated 02-10-2015)
3. **Members of the Re-constituted Eparchial Finance council** as per CCEO c. 263 (Order No. 167/2015 dated 02-10-2015) :
   a. Mar Paul Alappatt (President)
   b. Mgr. George Narikuzhi (Vice President)
   c. Fr. Jose Kannumkuzhy (Convenor & Secretary)
   d. Fr. Thomas Kavungal (Member)
   e. Fr. Joseph Alappadan (Member)
   f. Dr. Joseph Alappatt (Member)
   g. Mr. K.V. Sebastian (Mani) Konikara (Member)
   h. Mr. V.M. Joseph Valayathil (Member)
   i. Mr. E.O. Joseph Eluvathingal (Member)
4. **Members of the Re-constituted College of Eparchial Consultors** as per CCEO c. 271 (Order No. 168/2015 dated 02-10-2015):
   a. Mgr. George Narikuzhi
   b. Fr. Jose Kannumkuzhy
   c. Fr. Johnson Veeppattuparambil
   d. Fr. Thomas Kavungal (Secretary)
   e. Fr. Joy Chittilappilly
   f. Fr. Joseph Puthur
   g. Fr. Francis Pottathuparambil
   h. Fr. Varghese Puthanangady
   i. Fr. Joseph Alappadan

## N. Appointment of Kaikars:

Mr. Louis Varikattil, kaikar, St. Antony's church, Sastrinagar (Erode) until the approval of the annual therattu (2015-'16) and appointment of the new kaikars (Order No. 161/2015 dated 25-9-2015)

**Mgr. George Narikuzhi**
Syncellus

# BISHOP'S ENGAGEMENTS

**November - 2015**

| | | |
|---|---|---|
| 01-3 | : | Abroad |
| 04 | : | Seminary committee meeting at Ramanathapuram |
| 05 | : | Holy Mass, Minor seminary, Vadakkukad |
| 07 | : | Holy Mass & Meeting with SABS sisters, Erode |
| 08 | : | Resource team class, Gandhipuram |
| 10-11 | : | Batch gathering at Thiruvananthapuram |
| 12 | : | Holy Mass & Class, Minor seminary, Vadakkukad |
| 14-15 | : | Kuravilangad |
| 17 | : | School committee meeting, Jadayampalayam |
| 19 | : | Meeting with CSS sisters, Podannur |
| 21 | : | Chapel blessing, Andankovil, Karur (FCC)<br>Annual day, school, Jadayampalayam |
| 22 | : | Holy Mass & Parish hall blessing, Viswasapuram |
| 29 | : | Horeb fest for 8th std students of catechism at Ramanathapuram<br>Orientation program under the auspices of the Catholic congress at Ukkadam<br>Meeting, Parish day, Mettupalayam |
| Dec. 1 | : | Monthly recollection & conference of priests |

# BISHOP'S DIARY

**ഒക്ടോബർ 2015**

02 : രൂപതാ മതബോധനദിനത്തിന്റെ പൊതു സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

03 : തൃശൂർ ചാരിറ്റി സന്യാസ സമൂഹത്തിന്റെ സ്ഥാപകദിനാചരണത്തിന്റെ ഭാഗമായി കോലടി മരിയഭവൻ ജനറലേറ്റിൽ ദിവ്യബലിയർപ്പിക്കുകയും മീറ്റിംഗ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

ചിറ്റിശ്ശേരി സെന്റ് ജോസഫ്സ് കോൺവെന്റിൽ (ക്ലേലിയ) സന്യാസവസ്ത്ര സ്വീകരണ+പ്രഥമവ്രതവാഗ്ദാനതിരുക്കർമ്മത്തിന് കാർമ്മികത്വം വഹിക്കുകയും ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

04 : തിരുപ്പൂർ പള്ളിയിലെ ഇടവകധ്യാനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

-ഗാന്ധിപുരം പാരീഷ് ഹാളിൽ രൂപതാ റിസോഴ്സ് ടീമിൽ ക്ലാസെടുത്തു.

06 : വൈദീകരുടെ മാസധ്യാനത്തിൽ പങ്കെടുക്കുകയും വൈദിക സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

# FINANCE OFFICE

**A. SEMINARY BURSE FUND** **November -2015**

1. M/s Vimalrani Adoration ProvincialHouse, Mundur, Palakkad
2. Mrs. Jessy Philip , Kongamala House, Palakkad
3. Mr. Jose Chakkalakkal , Edayapalayam
4. Mr. K. A. Varghese & Family , Kinttingal House, Aranattukara , TCR

**B. PASTORAL CENTRE**

| | |
|---|---|
| Mr. Lawrence P. J. Panenghatt, Thaikkad, Guruvayur | Rs.25,000/- |
| Mrs. Deepa Lyons & Family, Panenghat House, Brahmakulam TCR | Rs.1,20,001/- |
| Mr. Alfin John, Ramanathapuram | Rs.10,000/- |
| M/s. VimalRani Adoration Provincial House, Mundur, PKD | Rs.1,00,000/- |
| M/s Maria Bhavan Generalate, Kolazhy, Thrissur | Rs.25,000/- |

**C. JESUS NIDHI**

**Benificiary**

| | |
|---|---|
| Mr. George Joseph , Ukkadam | Rs.7,000/- |

## MAINTENANCE FUND RECEIVED FROM PARISHES, MISSION CENTRES & RELIGIOUS HOUSES
## Receipts until 15th October 2015

| S.No. | Name of Parish / Religious | Place | No. of Covers | Amount in Rupees |
|---|---|---|---|---|
| 1 | Holy Trinity Cathedral | Ramanathapuram | 210 | 2,21,180/- |
| 2 | St. Luke's church | Valparai | 55 | 35,900/- |
| 3 | St. Antony 's church | Karur | 6 | 3,200/- |
| 4 | St. Clothilda 's church | Podannur | 113 | 76,372/- |
| 5 | St. Sebastian church | Ukkadam | 48 | 20,900/- |
| 6 | Congregation of the Mother of Carmal CMC | Coimbatore | 2 | 9,520/- |
| 7 | Congregation of the Holy Family CHF | Coimbatore | 3 | 11,000/- |
| 8 | Sirumalar Illam CST | Karur | 1 | 1,500/- |
| 9 | St. Alphonsa Church | Palladam | 12 | 7,300/- |
| 10 | St. Joseph Church | Mettupalayam | 59 | 32,833/- |
| 11 | Little Flower Church | Saibabacolony | 132 | 65,900/- |
| 12 | Lourde Forane Church | Gandhipuram | 165 | 1,18,698/- |
| 13 | St. Paul Church | Pollachi | 44 | 17,560/- |
| 14 | Holy Family Mission | Ganapathy | 93 | 61,450/- |
| 15 | St. Elizabath Church | Suleswarampatty | 37 | 9,270/- |
| 16 | St. Jude Church | Dharapuram | 2 | 450/- |
| 17 | St. Joseph Church | Kavundampalayam | 72 | 21,601/- |
| 18 | Carmelites of Mary Immaculate CMI | Coimbatore | 1 | 10,000/- |
| 19 | Assisi Sisters of Mary Immaculate ASMI | Comibatore | 1 | 1,000/- |
| 20 | St. Sebastian Church | Udumalpet | 9 | 7,600/- |
| 21 | | | | |
| 22 | | | | |
| 23 | **TOTAL** | | **1065** | **7,33,234/-** |

**ഫാ. ജോസ് കന്നുംകുഴി**
ഫിനാൻസ് ഓഫീസർ

**ഫാ. ജോസഫ് ആലപ്പാടൻ**
അസി. ഫിനാൻസ് ഓഫീസർ

# SAINTLY FAMILY OF LISIEUX

Born in Alencon, in France, on Thursday 2 January 1873, St Therese of Child Jesus is known as 'the greatest saint of the modern times'. She is the patroness of the mission of the Church. Pope Pious XI said, “Therese of Lisieux is the beloved daughter of the whole world and the model of perfection of virtues and the teacher of spiritual life”. She was canonized in 1925 by Pope Pius XI and in 1997 Pope St. John Paul declared her a “Doctor of the Church”. She is also known as St. Little Flower of Jesus, a flower that blossomed in the garden in Lisieux.

Blessed Louis Martin and Blessed Zélie Guerin were the parents of St. Thérèse. . Both of them were very pious and religious minded and had the reputation of being extra-ordinary devout. They led a luminous Christian family life and their exemplary life inspired their children to follow Jesus and to offer their lives for the kingdom of God. Remembering her parents, their youngest daughter, St.Therese, wrote: “My parents are living and precious stones sculptured by the Holy Spirit” . Louis Martin (1823-1894) and Marie Zelie Guerin Martin (1831-1877) will be the first married couple with children to be canonized in the same ceremony. Their canonization will take place on October 18, 2015 at Rome. According to Cardinal Angelo Amato, prefect of the Congregation for Saints' Causes, “they lived an exemplary life of faith, dedication to ideal values, united to a constant realism, and persistent attention to the poor. They serve as an extraordinary witness of conjugal and family spirituality”.

**1. Family History of Louis and Zelie**

Louis Martin was born on August 22, 1823 in Bordeaux, a place in France, and was the second of five children. Louis settled down in Alençon, a small city in France, and pursued his watch making trade. Marie Zelie Guerin was born near Alencon on December 23, 1831. Louis Martin and Zélie Guerin eventually met in Alençon on July 13, 1858 when Louis was thirty-four years of age and Zélie was twenty-six. Without much delay they were married and began their remarkable voyage together through life. Of the nine children born to Louis and Zelie, two boys and two girls died in infancy or early childhood, causing incalculable sorrows to their parents. The surviving five children were all daughters and all grew up to enter religious life. Four of them Maria, , Paulin, Celine and Therese, the youngest one, joined the Carmelite Contemplative Order in Lisieux and Leonie joined Visitation Convent.

## 2. The Spiritual Basis of the Family of Lisieux

For Louis and Zelie, the Holy Family of Nazareth was the perfect model of Christian family life and they tried to imitate Mary and Joseph closely in all the aspects of family life, even in their trials and sorrows. In this spirit, Louis and Zelie lived a life totally dedicated to their children, to the church and to society at large, basing their devotion on the Christian principles of love and service. Every morning they attended the 5:30 morning Mass with their children, prayed morning and evening as a family, carefully observing as well Sunday services and the feasts of the Church. Louis was a leader in the nocturnal adoration of the Eucharist. Zélie, always the last to go to bed, was often up till nearly midnight. There were many demands on their time, but they gave it generously to serve God and their neighbour. They loved each other and their children. Yet it was the Life of the Soul that took precedence over everything else. Their heroic act in their lives was doing their ordinary responsibility as parents towards their children and neiboures in an extraordinary love towards them and God.

Both Louis and Zelie greeted their children's vocations as a gift from God and thanked the Lord. They profoundly respected the spiritual lives of their daughters and reverently supported each in fulfilling her vocation. Louis gave all of their children to the church for the glory of God. St. Little Flower remembers her parents and writes: “The Good Lord gave me a father and a mother more worthy of heaven than on earth”. Over time the proof emerged that the family of Louis Martin of Lisieux was indeed a Family of Saints. Regarding their prayer life she reflects: “Mother taught us how to pray. I had only to watch my Papa to know how the saints pray”. St.Little Flower who is known for her Little Way says that her home was her first school of spiritual life. Jesus was the center of their Family life. Everything was directed to Jesus and for Jesus. Bible was the light of the family and the parents taught the children the teaching of the bible to practise in their life. Sickness, sufferings and repeated tragedies did not lead them to despair, but rather intensified their love for each other. In the fertile garden of the Martin Family five flowers blossomed, consecrated to the Lord. It was the youngest Flower of this garden that was to become the Jesus' “Little Flower” and the Doctor of the Church.

## 3. Life of Love, Service and Suffering

Zelie, mother of Therese contracted a very painful cancer. Celine,

daughter of her , one who was always with her mother, wrote about her last days: “In the moments of anguish during her malady, her sorrowful plea would rise to Heaven: ' Oh! Thou Who hast created me, have mercy on me” At the age forty-six, on August 28, 1877, she died of breast cancer, when Thérèse was only four years old. Her husband, Louis at the age of 63, experienced his first stroke and was paralysed. After years of long suffering and humiliation because of mental ill health, died peacefully receiving the sacrament of the sick at the house of Isidor Guirin at Evereux, Lisieux on July 29, 1894 and he was buried in the cemetery of Lisieux.

**4. Martin's Family: Model for Modern Parents**

In 2008 God called the Church to declare “Blessed” the courageous spouses Louis and Zelie Martin. On October 18, 2015, they will be called “Saints,” not for the sake of their own glory, but to motivate us and to show us a 'lamb post' on our pilgrim journey. The saintly family of Lisieux where from came St. Little Flower and other four cloistered nuns spread the fragrance of holiness of Martin Family through out the world. From 18th October their parents will be venerated at the Altar of the Church. By declaring them saints the Church calls upon all families to center their lives on God, as did Louis and Zelie. Parents are to foster love, holiness, and joy in their homes. Every family is to be a “domestic Church” that can provide a foretaste of heaven. The renewal of the Church depends much on families like that of the Blessed Louis and Zelie Martin, modelled after the Holy Family of Jesus, Mary and Joseph.

**Fr. Mathew Kumpuckal, CST**
mkumpuckalcst@gmail.com
Little Flower Seminary, PB No.31, Pin 152107, Malout.
Punjab.Mob.09465649196; 09048289187

## കുടുംബ കൂട്ടായ്മകൾക്കുള്ള പഠനവിഷയം

**ഒന്നാം പ്രമാണം-നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു; ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്.**

ആദ്യ ദൈവകല്പനയുടെ പശ്ചാത്തലം പുറപ്പാട് സംഭവമാണ്. അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേയ്ക്കുള്ള യാത്രയിൽ ഇസ്രായേൽ ജനത്തിന് ഉടമ്പടിയും ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലും ലഭിച്ചു. ഒന്നാമത്തെ കല്പനയുടെ ആരംഭം അടിമത്തത്തിൽ നിന്ന്

രക്ഷിച്ച കർത്താവ് എന്ന വെളിപ്പെടുത്തലിലൂടെയാണ്. (പുറ. 20:2-5; നിയമാ.5;6-9) ദൈവത്തിന്റെ രക്ഷാകരപദ്ധതിയാണ് കല്പനയുടെ അന്ത:സത്ത. ആദ്യത്തെ ഈ കല്പനയിൽ മൂന്ന് പ്രധാനആശയങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു.

**1. അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേയ്ക്ക് വന്ന സംഭവം.**

അടിമത്തത്തിൽ നിന്ന് രക്ഷിച്ച കർത്താവ് എന്ന് വ്യക്തമാക്കികൊണ്ടാണ് കല്പനതുടങ്ങുന്നത്. ദൈവം ഏറ്റവും കൂടുതൽ സ്നേഹിച്ച ജനതയായിരുന്നു ഇസ്രായേൽ. അവരുടെ നേട്ടങ്ങൾകൊണ്ടായിരുന്നില്ല ദൈവം അവരെ തെരഞ്ഞെടുത്തത്. കുലീനസംസ്കാരങ്ങൾ നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ ആട് മേയ്ക്കലുമായി അലഞ്ഞുതിരിഞ്ഞു നടന്ന ഒരു ജനതയെയാണ് ദൈവം തെരഞ്ഞെടുക്കുന്നത്. മറ്റൊരു ജനതയെയും ദൈവം ഇതുപോലെ സ്നേഹിച്ചിട്ടില്ല. ദൈവസ്നേഹത്തിന്റെ ഉത്തമമായ തെളിവാണ് ഇസ്രായേലിന്റെ ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള മോചനം.

ഒന്നാമത്തെ കല്പനയുടെ ഏറ്റവും വലിയ പ്രത്യേകത ഈ സ്വാതന്ത്ര്യത്തിന്റെ അടയാളമാണ്. ഈ കല്പനയുടെ ആദ്യഭാഗം നലകുന്നത്. എല്ലാവിധ അടിമത്തങ്ങളിൽ നിന്നുമുള്ള മോചനമാണ്. രക്ഷയുടെ ചരിത്രമാണ് ഈ കല്പനയിലൂടെ അനാവരണം ചെയ്യപ്പെടുന്നത്.

**2. ഉടമ്പടിയുടെ പശ്ചാത്തലം**

സീനായ് മരുഭൂമിയിൽ എത്തിചേർന്ന ഇസ്രായേൽ ജനവുമായി ദൈവം ഉടമ്പടി സ്ഥാപിക്കുന്നു. അടിമത്തത്തിൽ നിന്ന് മോചിതരായ ജനതയോടാണ് ദൈവം ഉടമ്പടി ചെയ്യുന്നത്. നിങ്ങൾ എനിയ്ക്ക് പുരോഹിത രാജ്യവും വിശുദ്ധ ജനവുമായിരിക്കണം. (പുറ 19:6) ഉടമ്പടിയുടെ ആവശ്യകത ഈ വാക്കുകൾ വ്യക്തമാക്കുന്നു. ദൈവത്തിന് ശുശ്രൂഷ ചെയ്യുന്ന പുരോഹിത രാജ്യമായിരിക്കുക. ദൈവത്തോട് വിശ്വസ്തത പുലർത്തുന്ന ദൈവത്തിന്റെ വിശ്വസ്തജനമായിരിക്കുക. ഇതിൽ നിന്ന് ഉടമ്പടിയുടെ പശ്ചാത്തലം വളരെ വ്യക്തമാണ്. ഒന്നാമത്തെ കല്പനനൽകിയതിന്റെ ഒരു പ്രധാനആശയം ഈ പശ്ചാത്തലമാണ്.

**3. ദൈവത്തിന്റെ വെളിപ്പെടുത്തൽ**

ദൈവം സ്വയം വെളിപ്പെടുത്തുന്നു; രക്ഷിച്ച ദൈവം, ഉടമ്പടിയുടെ ദൈവം, സ്നേഹിച്ച ദൈവം എന്നിങ്ങനെ.

അടിമത്തത്തിന്റെ ഭവനത്തിൽ നിന്ന് നിന്ന് പുറത്തുകൊണ്ടുവന്നത് ഞാനാണ് എന്നതിൽ നിന്ന്, ചരിത്രത്തിൽ ഇടപ്പെട്ട, ശക്തനായ,

സ്നേഹിക്കുന്ന, വിമോചകനായ ദൈവത്തെയാണ് വെളിപ്പെടുത്തുന്നത്. ആദ്യ കല്പനയിലൂടെ ദൈവം മനുഷ്യനോട് ആവശ്യപ്പെടുന്നത് ദൈവത്തെ സ്വീകരിക്കുകയും ആരാധിക്കുകയും ചെയ്യണമെന്നാണ് നിങ്ങളുടെ ദൈവമായ കർത്താവിനെഭയപ്പെടുകയും അവിടുത്തെ സേവിക്കുകയും ചെയ്യണം. (നിയമ. 6:13-15)

"ദൈവത്തെ അറിഞ്ഞ, ഉടമ്പടി ലഭിച്ച ജനതയാണ് ഇസ്രായേൽ. ദൈവത്തെ അറിയാത്ത മറ്റു ജനതകളുടെ തെറ്റായ ആരാധന, സത്യം അറിഞ്ഞ ഇസ്രായേൽ ജനം സ്വീകരിക്കരുത്". (പുറ.19:16-25, 24:15-18)

ദൈവത്തിന്റെ മഹത്തരവും യഥാർത്ഥവുമായ അസ്തിത്വം ഇസ്രായേൽ ജനത്തിനാണ് വെളിപ്പെടുത്തപ്പെട്ടുകിട്ടിയത്. യാഥാർത്ഥ്യം അറിഞ്ഞവർ അത് സ്വീകരിക്കാതെ തിന്മയുടെ പിന്നാലെ പോകരുത്. മനുഷ്യന്റെ വിധിയും ഭാവിയും ദൈവവുമായി ബന്ധപ്പെട്ടതാണ്. കാരണം ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്.

"ആദിമ മനുഷ്യൻ കടന്നുപോയ വിശ്വാസത്തിന്റെയും ആരാധനകളുടെയും വഴികളിലൂടെ ഇസ്രായേൽ ജനവും കടന്നുപോയിട്ടുണ്ട്. പ്രകൃതി ശക്തികളെ ആരാധിക്കുക, കുടുംബ ദൈവങ്ങളെ സൃഷ്ടിച്ച് ആരാധിക്കുക, ബഹു ദൈവങ്ങളെ സങ്കല്പിച്ച് ആരാധിക്കുക, തുടങ്ങി ബാൽദേവൻ, അഷ്ത്താർത്ത് ദേവി എന്നിവരുടെ ആരാധനയെല്ലാം ഈ വഴിത്താരയിലെ സംഭവങ്ങളാണ്. ഇത്തരം ദൈവ സങ്കല്പങ്ങൾ ഇസ്രായേൽ ജനതയുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്നുവെന്നും ഈ സാങ്കല്പികദൈവങ്ങൾക്ക് അവർ ആരാധനനടത്തിയിരുന്നുവെന്നും, നരബലിയും ഇസ്രായേൽ മതജീവിതത്തിന്റെ ഭാഗമായിരുന്നുവെന്നും വിശുദ്ധഗ്രന്ഥത്തിൽ കാണാവുന്നതാണ്". (ന്യായാ.11:30-40)

ഈ പശ്ചാത്തലത്തിലാണ് ഒന്നാമത്തെ കല്പനനൽകപ്പെടുന്നത്. "നീ നിന്റെ ദൈവമായ കർത്താവിനെപൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കുക. ഇതാണ് പ്രഥമവും പ്രധാനവുമായ കല്പന" (മത്താ.22:37) എന്ന് യേശു വ്യക്തമാക്കുന്നു.

# സെമിനാരി വിശേഷങ്ങൾ

**പുതുജീവിതം**

കടന്നുപോയ വഴികളെ തിരിഞ്ഞുനോക്കുവാനും ജീവിതത്തിൽ പുത്തൻ കാഴ്ചപ്പാടുകൾ സൃഷ്ടിച്ച് പൗരോഹിത്യജീവിതം ക്രിസ്തുവിനോടുകൂടെ ചേർത്തുവയ്ക്കുവാനുമായിട്ടുള്ള വൈദികരുടെ വാർഷികധ്യാനത്തിൽ ജോയച്ചനും ടോമിയച്ചനും പങ്കെടുത്തു.

**വചനാധിഷ്ഠിത ജീവിതം**

ദൈവവചനം ഹൃദയത്തിന്റെ ഭാഗമാക്കുവാൻ വേണ്ടി രൂപതാതലത്തിൽ നടത്തപ്പെട്ട ലോഗോസ് ക്വിസ് പരീക്ഷയിൽ സെമിനാരി കുടുംബം ഒന്നടങ്കം പങ്കടുത്തു. ബ്ര. മനീഷ് സെമിനാരി വിദ്യാർത്ഥികളിൽ ഉയർന്നമാർക്ക് കരസ്ഥമാക്കി.

**സ്നേഹവാത്സല്യത്തോടെ.....**

രൂപതയുടെ ഹൃദയമായ മൈനർ സെമിനാരി, LSMS സന്യാസി സമൂഹത്തിന്റെ മദർ ജനറൽ റവ. സി. മരിയാ ബ്രൂണോ സന്ദർശിക്കുകയും ഒരുമിച്ചിരുന്ന് വിശേഷങ്ങളും അനുഭവങ്ങളും പങ്കുവക്കുകയും ചെയ്തു.

**സ്വപ്നങ്ങളും പരാമർശങ്ങളും**

ഭാവിവൈദികരെ വാർത്തെടുക്കുന്നതിൽ പ്രധാനപങ്കുവഹിക്കുന്ന മൈനർ സെമിനാരിയെക്കുറിച്ചുള്ള ചർച്ചകൾ അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 22-ാം തിയതി സെമിനാരിയിൽ നടത്തപ്പെട്ടു.

**നവീകരണം**

വ്യാകുലമാതാവിന്റെ തിരുനാൾ ദിനത്തിൽ LSMS സന്യാസി സമൂഹാംഗങ്ങൾ വിശുദ്ധബലിയിൽ തങ്ങളെതന്നെ പൂർണ്ണമായി വിട്ടുകൊടുത്തുകൊണ്ട്, ജീവിതത്തിൽ എടുത്തിരിക്കുന്ന വൃതവാഗ്ദാനങ്ങളെ പുതുക്കുകയും ചെയ്ത്തു.

**ഉയരങ്ങൾ കീഴടക്കുവാൻ....**

പ്രസംഗപരിശീലനകളരിയിൽ വിവിധ വിഷയങ്ങൾ കോർത്തിണക്കിയുള്ള English മലയാളം Refectory Speechകൾ ബ്രദേഴ്സിന് ആരംഭിച്ചു. തദവസരത്തിൽ ഓരോ പ്രസംഗങ്ങളെക്കുറിച്ചുള്ള വിലയിരുത്തലുകൾ നടത്തപ്പെട്ടു.

**പുണ്യങ്ങൾ പൂക്കുന്ന മാസത്തിൽ**

പരി. അമ്മക്ക് സമർപ്പിക്കപ്പെട്ടിരിക്കുന്ന ഒക്ടോബർ മാസത്തെ സെമിനാരി കുടുംബം ആഘോഷമായ വി.ബലിയോടും ഭക്തിനിർഭരമായ പ്രദക്ഷിണത്തോടും കൂടെ വരവേറ്റു. ഈ മാസത്തിലെ ഒഴിവുദിവസങ്ങളിൽ അഖണ്ഡ ജപമാലയും

നടത്തിവരുന്നു.

**ഗുരുഭൂതർക്ക് സ്വാഗതം**

വൈദിക വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തി ഉന്നതവിജയം കരസ്ഥമാക്കുവാൻവേണ്ടി Mrs.ജോനാ, Mrs.പ്രിൻസി, ഫാ. ജിഫി മേക്കാട്ടുകുളം എന്നീ അദ്ധ്യാപകർ യഥാക്രമം തമിഴ്, Sociology, സുറിയാനീ എന്നീ വിഷയങ്ങൾ പഠിപ്പിക്കുവാൻ സെമിനാരിയിലേക്ക് വന്നു. ഏവർക്കും സ്വാഗതം.....

**ആത്മീയ വിശുദ്ധിയിലേക്ക്........**

നിലവിളിക്കുന്നവന്റെ വിളികേൾക്കുന്നവനാണ് ദൈവമെന്ന് തിരിച്ചറിഞ്ഞ്, ഹൃദയത്തെ വിശുദ്ധീകരിച്ച് കുറവുകളെ മനസിലാക്കി അവയെ തിരുത്തുവാൻ ഒക്ടോബർ മാസത്തിലെ ഫാ. സെബാസ്റ്റൻ ചാലയ്ക്കൽ നയിച്ച മാസധ്യാനം ഞങ്ങളെ സഹായിച്ചു. സെബാസ്റ്റ്യനച്ചന് നന്ദി.......

**ക്രിസ്തുദൗത്യം മാംസം ധരിക്കുമ്പോൾ**

ലോകമെങ്ങും നടക്കുന്ന മിഷൻ പ്രവർത്തനങ്ങളിൽ പങ്കുകാരനാകുന്നതിനുവേണ്ടി സെമിനാരിയിലും വൈദികവിദ്യാർത്ഥികൾ മിഷൻവാരം കൊണ്ടാടി, വി. ബലിയിൽ നിയോഗങ്ങൾ സമർപ്പിച്ചും പരിത്യാഗപ്രവർത്തികൾ അനുഷ്ടിച്ചും Auction ലൂടെയും മിഷൻ ചൈതന്യം വൈദികവിദ്യാർത്ഥികൾ ഹൃദയത്തിലേക്ക് സ്വീകരിച്ചു.

## Mother Theresa Peace Home Tirupur

പീസ് ഹോമിന്റെ ആദ്യ ഭവനത്തിന്റെ നിർമ്മാണം വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുന്നു. നിങ്ങളുടെ സഹായസഹകരണങ്ങൾക്കും, പ്രാർത്ഥനയ്ക്കും നന്ദി.

രണ്ടാം ഘട്ടം മതിൽ പണി ആരംഭിച്ചു.

ഒക്ടോബർ 11 ന് തിരുപ്പൂർ CYM ന്റെ നേതൃത്വത്തിൽ പീസ് ഹോമിന്റെ സ്ഥലത്ത് 50 വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മുരുകേശൻ അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

സെപ്റ്റംബർ 29 ന് അഭിവന്ദ്യ പിതാവ് സ്ഥലം സന്ദർശിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

പീസ് ഹോമിന് വേണ്ടി തിരുപ്പൂർ ഇടവക ഈ ഒക്ടോബർ മാസം 10,000 കൊന്തചൊല്ലി പീസ് ഹോമിന്റെ ഉപകാരികളുടെ പ്രാർത്ഥനകൾക്കായി കാഴ്ച വയ്ക്കുന്നു.

**ഫാ. ജെയ്സൺ പുലിക്കോട്ടിൽ**
(ഡയറക്ടർ)

# ST. JOSEPH'S MATRIC. HR. SCHOOL JADAYAMPALAYAM

## JOSEPHIAN NEWS

**Unspeakable joy…………on her B'day:-**

The 69th Independence Day celebrations at the school enveloped everyone with affection and unspeakable feeling for the Motherland. The Deputy commandant Shri.Kuriakose from CRPF, Coimbatore was the Chief Guest of the day. He imposed little more patriotism in the students, through his thought –provoking speech. The students presented colorful programmes, which the parents witnessed and appreciated .The correspondent and the Principal shared their beautiful thoughts with students.

**Wine of life- shared:-**

Art is indeed not the bread but the wine of life. The school witnessed the talents of students on 18th and 19th of August. The competitions began with a beautiful message that 'Education is all round development of students for which, the school provides the best platform'. House-wise Competitions were held and the Red house bagged the first place.

**We are proud of them:-**

The very first step towards success in any occupation is to become interested in it. Some of our students participated in State level Karate Competition on 23/8/15 held at SVGV Matric. Hr. Sec. School. Subash Babu (X), Sivaram (IX), Surya (IV) won the Championship under various categories. The school honored them.

**A tribute to all teachers:-**

A Guru is a mediator. He brings man and God together. With this realization Josephianites celebrated Teachers' day on 7/9/15. Students honored and entertained the teachers with various programmes. They were thankful to the teachers for every trouble taken by the teachers to mould them well. Fr. George Narikuzhi presented gifts to every teacher and doubled their joy.

**They were cared of:-**

Nearly 35 students from std.IV to IX, who knew not to read and write, were given special coaching from 28/9/15 to 1/10/15. Teachers took the turn and taught them well. The students and their parents were happy and appreciated the interest; the school has taken for the slow learners.

**We reached out:-**

The Principal along with school staff did visit the houses of 10th and 12th students and motivated the students and parents. It was indeed a happy moment for all the parents. They were taken up by the visit and expressed their joy and gratitude towards the institution. We notice a gradual change in students' performance and approach, after the house visit.

**Campus day celebration:-**

Josephian family witnessed a galaxy of Parents on 10th of October as the day was marked 'Progress signing day'. It was a fruitful day, in which the Principal, Correspondent, and the education Co-Ordinator, expressed the efforts taken by the school to bring forth quality education. Dr. Jayakumar was the special resource person. He talked to the parents on 'crafting the children'. He also advised the parents to take care of health and hygiene of students .The session began at 10.am and ended at 12.30, after which parents met the respective class teachers and evaluated their children's progress in studies. New PTA president for the academic year 2015 -16 was elected on the same day. Parents had good opinion about the functioning of the school and promised their full support to the management.

**She blessed the land:-**

A ten day's Rosary was conducted in the school from 5/10/15 to 16/10/15 every day soon after the assembly. Students from V to XII, took the turn and conducted the prayers. On 16th we ended the Rosary with a grand rosary procession. XII Students carried the statue of our Mother in and around the whole building, being assisted by every other student, holding lighted candle in their hands and her praises in their lips. Every class decorated the picture of OurLady and for the whole day they kept the candle burning. After the rosary students were given sweets which were blessed by Fr. George Narikuzhi. It was a good experience for every students and staff.

**We remembered him with love and gratitude;-**

Dr.APJ AbdulKalam's birthday was celebrated as per the instructions of the IMS. Eleventh standard students, being assisted by faculty of AeeBee group presented short and beautiful programme. Change the world by changing oneself' was the message of the day. The school also conducted elocution and essay competition for which Jishnu of Standard XI bagged the first prize. Winners were awarded with gifts by Fr.George Narikuzhi.

**A day to refresh:-**

Students from III to IX were taken to Black Thunder on 17/10/15,

for a day's enjoyment, being assisted by 15 teaching and 5 non- teaching staff. Principal and correspondent assisted them till everything was clear for their stay in the spot.

**Correspondent**
St.Josephs Matric Hr.Sec.School,
Karamadaipirivu,Jadayampalayam

## SANTHOM SOCIAL SERVICE SOCIETY (SSSS)

**1. Kidney Function Test**

Santhom Social Service Society - യുടെ ആഭിമുഖ്യത്തിൽ സൗജന്യമായി Kidney Function Test നടത്തി കൊടുക്കുന്നു. ഓരോ ക്യാംപിലും പത്ത് പേർക്ക് മാത്രമെ അവസരം ഉണ്ടായിരിക്കുകയുള്ളൂ. ആഗ്രഹമുള്ള ഇടവകകൾ, സ്ഥാപനങ്ങൾ മുൻകൂട്ടിത്തന്നെ Date booking നടത്തണം.

For Booking & Details : 97861 - 37938

**2. One Day Seminar**

SSSS-യുടെ team (including teachers, psychologists and college professors) കുട്ടികൾ, യുവജനങ്ങൾ, അദ്ധ്യാപകർ, മാതാപിതാക്കൾ എന്നിവർക്കായി നിലവാരമുള്ള One Day Seminar നടത്തികൊടുക്കുന്നു. താത്പര്യമുള്ളവർ office number ൽ ബന്ധപ്പെടുക.

**3.** രൂപത അതിർത്തിയിൽ ഉള്ള ഇടവകകൾ, സന്ന്യാസ ഭവനങ്ങൾ, സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന ചെറുതും വലുതുമായ സാമൂഹ്യ സേവനങ്ങളെ ഏകോപിച്ച് സീറോ മലബാർ കാര്യാലയത്തിലേയ്ക്ക് അയയ്ക്കാൻ സഭയുടെ പിതാവായ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് കൽപ്പനനൽകിയിട്ടുണ്ട്.

ആകയാൽ പ്രിയമുള്ളവരെ, നിങ്ങളുടെ പ്രവർത്തനങ്ങൾ ഫോട്ടോസ് സഹിതം അയച്ചുതരാൻ ശ്രദ്ധിക്കുമല്ലോ! അയയ്ക്കേണ്ട വിലാസവും, e-mail id-യും താഴെ നൽകുന്നുണ്ട്.

Santhom Social Service Society
C/o Holy Trinity Cathedral
Trichy Road, Ramanathapuram - 45
e-mail : secretarysanthomassocrety@gmail.com
geochan888@gmail.com

4. അന്നൂർ St. Mary's Matric Higher Secondary School-ൽ കുട്ടികൾക്കായുള്ള One Day Seminar "Exam Preparation and Stress Management" Seminar, Nirmala College HOD ശ്രീമതി. അനിത ജോസ് പോൾ നടത്തി. ഈ സെമിനാറിൽ 260 കുട്ടികൾ പങ്കെടുത്തു.

5. കോയമ്പത്തൂർ Govt. Hospital -ൽ പാവപ്പെട്ട രോഗികൾക്കായി എല്ലാ മാസവും പഴവർഗ്ഗങ്ങൾ നൽകിപോരുന്നു. ഈ എളിയ ഉപവി പ്രവർത്തിയിൽ SSSS-യെ സഹായിക്കുന്ന എല്ലാ നല്ല ഹൃദയങ്ങൾക്കും നന്ദി.

**ഫാ. ജിയോ കുന്നത്തുപറമ്പിൽ**
ഡയറക്ടർ

## SMRC NEWS

School Patron's day (Sept.8) ന്റെ ഭാഗമായി Nirmala Matha Podanur Matric & ICSE School കുട്ടികളും, അധ്യാപകരും ചേർന്ന് പൊള്ളാച്ചിയിലുള്ള മാനസികരോഗകേന്ദ്രം സന്ദർശിച്ച് അവർക്കാവശ്യമായ ഉപയോഗസാധനങ്ങൾ നൽകി. Nirmala Matha Kuniamuthur Matric School ഒരു കുട്ടിയെ ദത്തെടുക്കുകയും ആ കുടുംബത്തിന് ആവശ്യമായ സഹായം ചെയ്തു വരുന്നു.

ജപമാല മാസത്തോടനുബന്ധിച്ച് Nirmala Matha Podanur Matric & ICSE യിൽ കുട്ടികളും, അധ്യാപകരും, മാതാപിതാക്കളും ഒരുമിച്ച് സ്കൂളിൽ 24 മണിക്കൂർ അഖണ്ഡജപമാലയും അതിന്റെ സമാപനത്തിൽ ജപമാല റാലി ബഹു. ജിയോ കുന്നത്തുപറമ്പിൽ (Vicar, Podanur Church)ന്റെ നേതൃത്വത്തിൽ നടത്തി.

സന്യാസസമർപ്പത്തിൽ 25 വർഷം പിന്നിട്ട് ജൂബിലി നിറവിലായിരിക്കുന്നു സി.റ്റിൻസി മുക്കംങ്കലിന് അഭിനന്ദനങ്ങളും, പ്രാർത്ഥനയും നേരുന്നു. നന്ദി.

ഒക്ടോബർ 15-ാം തീയതി വി. അമ്മ ത്രേസ്യയുടെ തിരുനാൾ ആവിലാ ഭവനത്തിന്റെയും ആവിലാ സ്ഥാപനത്തിന്റെ തിരുനാളും അതിനോടനുബന്ധിച്ച് 13-ാം തീയതി 13 മണിക്കൂർ ആരാധനനടന്നു. രാവിലെ 5.30 ന് Fr. Joy Kolengadan CMI (ചാപ്ലിയൻ) ആരാധനയ്ക്ക് തുടക്കം കുറിച്ചു. Std. Ist മുതൽ XIIth വരെയുള്ള എല്ലാ കുട്ടികളും Teachers, Non teaching Staff, മാതൃസംഘം ഇടവക ജനം അതിൽ സജീവമായി പങ്കെടുത്തു. വൈകുന്നേരം 6.30 ന് Fr. Philips CMI ആരാധനയുടെ സമാപനവും തുടർന്ന് ദിവ്യബലിയും അർപ്പിച്ചു. ദൈവമെ അങ്ങ് വലിയ അനുഗ്രഹങ്ങൾക്ക് നന്ദി.

15-ാം തീയതി നമ്മുടെ രൂപതയുടെ സമീപപ്രദേശങ്ങളിലുള്ള വൈദീകരുടെയും സന്യാസവൈദീകരുടെയും സിസ്റ്റേഴ്സിന്റെയും ഒരു കൂട്ടായ്മ ആവിലാ ഭവനത്തിൽ ഒരുക്കിയിരുന്നു. 20 മിനിറ്റ് നേരം തിരുസന്നിധിയിലിരുന്ന് പ്രാർത്ഥനയും അതിനുശേഷം സ്നേഹവിരുന്നും ഉണ്ടായിരുന്നു. പല കാരണങ്ങൾകൊണ്ട് ചിലവർക്കൊന്നും വരാൻ സാധിച്ചില്ല. ക്ഷണം സ്വീകരിച്ച് ഏറെ ത്യാഗപൂർവ്വം വന്നെത്തിയ CMI പ്രൊവിൻഷ്യൽ Rev. Fr. Winson Moyalan, കത്തീഡ്രൽ ചർച്ച് വികാരി Fr. Johnson Veeppattuparambil, Fr. Joy Kolengadan CMI (ചാപ്ലിയൻ) എന്നിവർക്കും ബാക്കി എല്ലാവർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി.

ഒക്ടോബർ 25-ാം തീയതി 1.30 ന് കൗണ്ടം പാളയം കരുണൈ ഇല്ലത്തിൽ വച്ച് SMRC Ex. മീറ്റിംഗ് നടത്തുന്നു. SMRC യുടെ പ്രവർത്തനങ്ങളെ വിലയിരുത്തി സമർപ്പിതവർഷത്തിൽ ചെയ്തതും ചെയ്യാനിരിക്കുന്നതുമായ കാര്യങ്ങളുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും കൂടിയാണ്.

**സി. സൂന CMC**
SMRCസെക്രട്ടറി



# CATECHETICAL NEWS

**Resource Team Seminar**

ഒക്ടോബർ മാസത്തെ റിസോഴ്സ് ടീം സെമിനാർ ഒക്ടോബർ 6 ന് ഗാന്ധിപുരം ഫൊറോനപള്ളി പാരീഷ് ഹാളിൽ വച്ച് നടന്നു. നവംബർ മാസത്തെ സെമിനാർ നവംബർ 8 ന് ഉച്ചകഴിഞ്ഞ് മൂന്നു മുതൽ അഞ്ചുവരെ (3-5) ഗാന്ധിപുരം പള്ളി പാരീഷ് ഹാളിൽ വച്ച് അഭിവന്ദ്യപിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നതാണ്.

**Catechism Teachers day Celebration**

Catechism Teachers മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ നവംബർ 4-ാം തീയതിയാണല്ലോ. ഈ വർഷത്തെ യൂണിറ്റ് തലത്തിലുള്ള Teachers Day ആഘോഷങ്ങൾ നവംബർ 8 ന് കൊണ്ടാടണമെന്ന കാര്യം ഓർമ്മപ്പെടുത്തുന്നു

**First Semester Exam**

Std X, XII ക്ലാസ്സുകളിലെ Re-exam നവംബർ 29-ാം തീയതി ഓരോ യൂണിറ്റിലും നടത്തേണ്ടതാണ്. Question Paper Catechism Centre ൽ നിന്നും ലഭ്യമാണ്. ഇതിന്റെ എണ്ണം നവംബർ 15 ന് മുമ്പായി ഓഫീസിൽ അറിയിക്കേണ്ടതാണ്.

**Logos Quiz 2015 വിജയികൾ**

ഈ വർഷത്തെ ലോഗോസ് വിജയികൾക്ക് അഭിനന്ദനങ്ങൾ. രൂപതയിൽ 1, 2, 3 സ്ഥാനങ്ങൾ ലഭിച്ചവർക്ക് സംസ്ഥാനതല Exam നവംബർ 27, 28, 29 തീയതികളിൽ P.O.C യിൽ വച്ച് നടത്തപ്പെടുന്നു. എല്ലാവരും നന്നായി പഠിച്ചൊരുങ്ങി പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**Horeb Fest:-** ഈ വർഷത്തെ എട്ടാം ക്ലാസ് വിദ്യാർത്ഥികളുടെ Horeb Fest നവംബർ 29-ാം തീയതി രാമനാഥപുരം കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നു. എട്ടാം ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികളും അവരുടെ അദ്ധ്യാപകരും ഇതിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## Catechism Eparchial Day

ഒക്ടോബർ 2-ാം തീയതി Catechism Eparchial Day സമുചിതമായി ആഘോഷിച്ചു. ഇതിൽ പങ്കെടുത്തവർക്കും സമ്മാനർഹരായവർക്കും നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു. ക്ലാസ്സുകൾക്ക് Rev. Fr. Dr. George Danuvelil നേതൃത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 2.00 pm ന് ആരംഭിച്ച മീറ്റിംഗിൽ അഭിവന്ദ്യപിതാവ് അദ്ധ്യക്ഷം വഹിക്കുകയും Director Rev. Fr. Joby എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും ചെയ്തു. Rev. Sr. Anitha Mathew മീറ്റിംഗിനാവശ്യമായതെല്ലാം ക്രമീകരിക്കുകയും Sr. Alphonsa Report അവതരിപ്പിക്കുകയും ശ്രീ. തങ്കച്ചൻ മാസ്റ്റർ എല്ലാവർക്കും നന്ദി പറയുകയും ചെയ്തു. അഭിവന്ദ്യ പിതാവ് എല്ലാവർക്കും സമ്മാനവിതരണം നടത്തി ആദരിച്ചു.

## Manuscript Magazine

ഈ വർഷത്തെ കൈയെഴുത്തുമാസിക ഓഫീസിൽ എത്തിക്കേണ്ട അവസാനതീയതി 30-12-2015 ആണ് എന്ന വിവരം അറിയിക്കുന്നു. (Catechetical diary Pg.31)

## Video/Short film contest

"To be prophets of the poor"എന്ന വിഷയത്തെ ആസ്പദമാക്കയുള്ള ലഘുചിത്രം തയ്യാറാക്കാനുള്ള സമയമായി എന്ന കാര്യം ഓർമ്മപ്പെടുത്തട്ടെ. (Catechetical diary Pg.40).

**Fr. Joby Thekkinedath**
Director

**Fr. Jinoj Palathadathil**
Asst. Director



# LOGOS QUIZ WINNERS - 2015
## (60 MARKS AND ABOVE DIOCESAN LEVEL)

| S.No. | Name | Group | Parish | Marks |
|---|---|---|---|---|
| 1 | ALEENA JOSEPH | A | EDAYAPALAYAM | 60 |
| 2 | MRLIN MATHEW | B | PNK PLM | 65 |
| 3 | DELNA JOHNSON | B | POOMARKT | 60 |
| 4 | S ROOBA | B | JEEVAN JYOTHI | 74 |
| 5 | AUSTIN V T | B | VISWSAPURAM | 60 |
| 6 | REETHA PO | B | ERODE FORANE CHURCH | 71 |
| 7 | ROHIT THOMAS | B | KUNIAMUTHUR) | 64 |
| 8 | SANJU E. S. | B | POLLACHI) | 60 |
| 9 | V. ASWIN | B | POLLACHI) | 63 |
| 10 | JESNIA JOMY | B | SULUR) | 79 |
| 11 | EMILIN PIOUS P | B | SULUR | 65 |
| 12 | TANYA SIJU | B | SULUR | 81 |
| 13 | LIYA ELIZABETH RAJU | B | CATHEDRAL | 66 |
| 14 | ANN MARY RAJU | B | CATHEDRAL | 75 |
| 15 | JINI SHAJU | C | THIRUPUR | 91 |
| 16 | NOVICE MARIYA | C | ERODE XA | 68 |
| 17 | NOVICE LIJI | C | ERODE XA | 96 |
| 18 | NOV DONA | C | ERODE XA | 87 |
| 19 | NOV LITTY | C | ERODE XA | 92 |
| 20 | ALPHONSA | C | ERODE CHURCH | 60 |
| 21 | RIJO JOY | C | SHASTRINAGAR | 60 |
| 22 | NIMMY MATHEW | C | SHASTRINAGAR | 62 |
| 23 | SR. VINAYA FCC | C | GNDPRM | 66 |
| 24 | SR. DHANYA MATHEW FCC | C | GNDPRM | 60 |
| 25 | BINI P G | C | KARAMADAI | 65 |
| 26 | ANISH ALIKALA | C | MTP | 78 |
| 27 | RIJO JACKSON TOM | C | PNKPLM | 77 |
| 28 | MERIL THOMAS | C | POOMARKET | 67 |
| 29 | SR. LINET KAKKAPPARA | C | POOMARKET | 85 |
| 30 | SR NEEMA ROSE | C | JEEVAN JYOTHI | 72 |
| 31 | ROSHNI FRANCIS | C | PODANUR | 61 |
| 32 | JIJO P.J. | C | PODANUR | 77 |
| 33 | JOBIN E.N. | C | POLLACHI | 61 |
| 34 | GRACE THOMAS | C | SULUR | 67 |
| 35 | SR TINCY | C | SULUR | 63 |
| 36 | SR NOEL MARIA | C | SULUR | 68 |
| 37 | BR PAUL | C | SEMINARY | 65 |
| 38 | BR MANISH | C | SEMINARY | 69 |
| 39 | SR TRINY | C | ALVERNIA | 64 |
| 40 | SR ANUTHERES | C | ALVERNIA | 75 |
| 41 | TREESA JOSE | C | CATHEDRAL | 69 |

| S.No. | Name | Group | Parish | Marks |
|---|---|---|---|---|
| 42 | ELSA THOMAS | C | CATHEDRAL | 72 |
| 43 | MERIN | C | UKKADAM | 66 |
| 44 | SHERIN | C | UKKADAM | 76 |
| 45 | SR JULIET | C | UKKADAM | 67 |
